# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 18, വൈകുന്നേരം 6 മണി

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധമായി ഒന്നായി ചേർക്കുന്നു.

### ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ കേസുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു - ലോക രാഷ്ട്രങ്ങളിൽ കോവിഡ് 19 കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 25603 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 25366 പേർ വീടുകളിലും 237 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 2550 സാമ്പിളുകൾ പരിശോധിച്ചതിൽ 2140 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം ചീഫ് സെക്രട്ടറിയോട് സെക്രട്ടറിമാരുടെ യോഗത്തിന്റെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

### ചീഫ് സെക്രട്ടറി

സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് ഉപയോഗിക്കുന്നതിലെ ബുദ്ധിമുട്ട് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ഇതുവരെ പരിഹരിക്കാനായിട്ടില്ല. വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവർക്ക് വേണ്ടി ഈ ഫണ്ട് ഉപയോഗിക്കാനാകില്ല എന്നതിനാലാണ് കേരളത്തിന് ഈ ഫണ്ട് ലഭ്യമാകാൻ കാലതാമസം ഉണ്ടാകുന്നത്. എന്നാൽ ആദ്യമായി കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ കേരളത്തിൽ ഇതിനെ ഒരു ദുരന്തമായി പ്രഖ്യാപിച്ചിരുന്നു. അത് ഉപയോഗിച്ച് ഫണ്ട് കണ്ടെത്താൻ ശ്രമിക്കും

കൂടുതൽ പരിശോധനാ കേന്ദ്രങ്ങൾക്കുള്ള അംഗീകാരം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് നൽകാമെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. അതിനുവേണ്ടുന്ന ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.

കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങൾക്കും കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ഒരു നോഡൽ ആഫീസറെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ നോഡൽ ആഫീസർ ശ്രീ. രാജേഷ് കുമാർ സിൻഹ ഐ എ എസ് ആണ്.

സർവ്വകലാശാലകൾ അടച്ചതിനാൽ തിരിച്ചുവരാനാകാതിരുന്ന വിദ്യാർത്ഥികൾക്ക് വേണ്ട സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹരിയാന, ചണ്ഡിഗഡ് എന്നിവിടങ്ങളിൽ നിന്നുള്ളവർ - ട്രെയിനിൽ പുറപ്പെട്ടിട്ടുണ്ട്. ഷില്ലോംഗിൽ നിന്നുള്ള വിദ്യാർത്ഥികൾ നാളെ വിമാനമാർഗ്ഗം കൊച്ചിയിൽ എത്തും. പോർട്ട് ബ്ലെയറിൽ നിന്നുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭിച്ചിട്ടില്ല. അധികൃതരുമായി സമ്പർക്കം പുലർത്താൻ ശ്രമിച്ചുവരുന്നു.

കേരള സർക്കാർ ജീവനക്കാരുടെ ആഫീസ് പെരുമാറ്റ ചട്ടങ്ങൾ ഇന്ന് പുറത്തിറക്കും.

റാപ്പിഡ് ടെസ്റ്റിനെപ്പറ്റി മുമ്പ് നിർദ്ദേശിച്ചതനുസരിച്ച് കൂടുതൽ പരിശോധിച്ചു. ഇത് ഉണ്ടാക്കുന്നത് അമേരിക്കയിലാണ്. എന്നാൽ ഇവർക്ക് എഫ് ഡി എ അംഗീകാരം ലഭിച്ചിട്ടില്ല. മാത്രമല്ല ഇരുപത് കിറ്റുകൾക്ക് 33,000 രൂപ വില വരും. അംഗീകാരം ഇല്ലാത്തതിനാലും വില വളരെ കൂടുതൽ ആയതിനാലും റാപ്പിഡ് ടെസ്റ്റ് നിലവിൽ വാങ്ങേണ്ടതില്ല.

സാനിറ്റൈസറുകൾ കൂടുതൽ ഉണ്ടാക്കാൻ കമ്പനികളുമായി ബന്ധപ്പെടുന്നുണ്ട്. കര-നാവിക-വായു സേനകളുമായുള്ള മുഖ്യമന്ത്രിയുടെ യോഗം നാളെ 3 മണിയ്ക്കാണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) യോട് നിലവിലെ സാഹചര്യവും പ്രവർത്തനങ്ങളും വിശദീകരിക്കാൻ ആരോഗ്യ മന്ത്രി ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ആശുപത്രികളിൽ നിരീക്ഷണത്തിലുള്ളവരുടെ നിരക്ക് വർദ്ധിച്ചിട്ടില്ല എന്നത് നല്ല സൂചനയാണ്. തുടർന്ന് ആശുപത്രികളിലെ ഭൗതിക സാഹചര്യങ്ങളും, സൗകര്യങ്ങളും വ്യക്തമാക്കി. വിദേശങ്ങളിൽ നിന്നും വരുന്നവരുടെ വിശദാംശങ്ങൾ വിമാനത്താവളങ്ങളിൽ നിന്ന് ശേഖരിച്ചതിന്റെ കണക്ക് അദ്ദേഹം വ്യക്തമാക്കി. നിലവിൽ ചികിത്സയിൽ ഉള്ളവരുമായി സമ്പർക്കം പുലർത്തിയവരുടെ കണക്കും അദ്ദേഹം പറഞ്ഞു. നിരീക്ഷണത്തിൽ തുടരുന്നവരുമായി മാനസികാരോഗ്യ വിഭാഗത്തിലെ കൗൺസിലർമാർ ബന്ധപ്പെട്ടതുപ്രകാരം അവർ അനുഭവിക്കുന്ന മാനസിക പ്രശ്നങ്ങൾ വിലയിരുത്തി. കെ എം എസ് സി എൽ ലിൽ നിലവിൽ ശേഖരത്തിലുള്ള വ്യക്തി സുരക്ഷാ ഉപകരണങ്ങളുടെ കണക്കും അദ്ദേഹം പറഞ്ഞു. സ്ക്രീനിംഗിനായി ഉപയോഗിക്കുന്ന ഇൻഫ്രാറെഡ് തെർമോമീറ്ററുകളുടെ ലഭ്യതകുറവ് അദ്ദേഹം യോഗത്തെ അറിയിച്ചു. ജില്ലകളിൽ നിലവിലുള്ള വോളന്റിയർ ഗ്രൂപ്പുകളുടെയും അവർ എത്ര വീടുകൾ സന്ദർശിച്ചു എന്നതിന്റെ കണക്കും അദ്ദേഹം വ്യക്തമാക്കി.

സംസ്ഥാനത്ത് ആരംഭിച്ച കോവിഡ് കെയർ സെന്ററുകളുടെ കണക്കും മലപ്പുറം ജില്ലയിലെ കോവിഡ് കെയർ ചിത്രങ്ങളും അദ്ദേഹത്തെ കാണിച്ചു.

ഐ എം എ വോളന്റിയർമാരുടെ പരിശീലനത്തിനും അവർക്കുവേണ്ട സാധനങ്ങൾ നൽകാനും വേണ്ട ഒരുക്കങ്ങൾ ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്. അതിൽ തീരുമാനം എടുക്കാമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ തയ്യാറാക്കി വച്ചാൽ ആവശ്യം വരുന്ന മുറയ്ക്ക് ഉപയോഗിക്കാമെന്ന് മുഖ്യമന്ത്രി അറിയിച്ചു. കെ എം എസ് സി എൽ 60 ലക്ഷം മാസ്കുകൾ വാങ്ങാൻ ഓർഡർ നൽകിയിട്ടുണ്ട്.

മദ്യം ഉല്പാദിപ്പിക്കുന്ന ഒരു കമ്പനി സാനിറ്റൈസർ നിർമ്മിച്ചു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. അവർ നാളെ ഡ്രഗ്സ് കൺട്രോളർ മുഖേന അപേക്ഷ നൽകുമെന്നും അവർ പ്രതി

ഫലേച്ഛ കൂടാതെ തന്നെ നിർമ്മിച്ചു നൽകുമെന്നും ഐ ടി സെക്രട്ടറി ശ്രീ. ശിവശങ്കർ ഐ എ എസ് അറിയിച്ചു

കോവിഡ് കെയർ സെന്ററുകൾ ആകാൻ തയ്യാറാണെന്ന് ഹോട്ടലുടമകൾ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. വേണ്ടിവന്നാൽ അവരുടെ സേവനം തേടാമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ടൂറിസം സെക്രട്ടറി ഈ കാര്യം അവരുമായി കൂടിയാലോചിക്കുന്നുണ്ട്.

ബ്രേക്ക് ദ ചെയിൻ കാമ്പ്യയിൻ നല്ലതാണെങ്കിലും സാനിറ്റൈസർ തുടർന്ന് ഉപയോഗിക്കുന്നത് പ്രായോഗികമല്ല. അതിനാൽ സോപ്പും വെള്ളവും ഉപയോഗിക്കാൻ ക്യാമ്പയിനിൽ പ്രാമുഖ്യം നൽകും.

രോഗത്തിന്റെ സമൂഹ വ്യാപനം കണ്ടെത്താൻ രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിലെയും തിരുവനന്തപുരം മെഡിക്കൽ കോളെജിലെയും ഡോക്ടർമാരുടെ രണ്ട് ഗവേഷണ പ്രമേയങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ബി ഇക്ബാൽ അറിയിച്ചു. ഇത് പരിശോധിച്ച് തീരുമാനം എടുക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയോട് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

## ഐ എം എ സെക്രട്ടറി

സന്നദ്ധ പ്രവർത്തകരായി ഉപയോഗിക്കാവുന്ന വിദ്യാർത്ഥികളുടെ പട്ടിക ഐ എം എ നൽകാമെന്ന് അറിയിച്ചു. ഡി എം ഇ യുടെ കൈവശം സർക്കാർ മെഡിക്കൽ കോളെജുകളിലെ വിവരം ഉള്ളതിനാൽ സ്വകാര്യ മേഖലയിലെ വിദ്യാർത്ഥികളെകൂടി കൂടുതൽ ഉൾപ്പെടുത്തണമെന്ന് ആരോഗ്യ മന്ത്രി അറിയിച്ചു.

സംസ്ഥാനമൊട്ടകെ ആംബുലൻസ് ഡ്രൈവർമാരുടെ പരിശീലനം നടപ്പിലാക്കാൻ സന്നദ്ധമാണെന്ന് ഐ എം എ അറിയിച്ചു. അതിനുള്ള മാർഗ്ഗനിദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് തയ്യാറാക്കി നൽകിയാൽ മതി. സ്വകാര്യ ആശുപത്രികളിലെ പനി, തൊണ്ടവേദന എന്നിവയുടെ സെന്റിനൽ സർവൈലൻസ് നടത്താനുള്ള ഗവേഷണ പ്രോപ്പൊസൽ സമർപ്പിക്കാമെന്ന് ഐ എം എ സെക്രട്ടറി അറിയിച്ചു.

## ആരോഗ്യ സർവ്വകലാശാല പ്രതിനിധി

സന്നദ്ധ പ്രവർത്തകർ ആകാൻ ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ വിദ്യാർതഥികളുടെ ജില്ല തിരിച്ചുള്ള പട്ടിക ജില്ലാ കളക്ടർമാർക്ക് നൽകാമെന്ന് അദ്ദേഹം അറിയിച്ചു.

കോവിഡ് 19 പശ്ചാത്തലത്തിൽ ആരോഗ്യ പ്രവർത്തകർ എല്ലാം തന്നെ രോഗാവ്യാപന അന്തരീക്ഷവുമായി സമ്പർക്കം പുലർത്തുന്നത് ആരോഗ്യ പ്രവർത്തകരെ ഒന്നടങ്കം ബാധിക്കാൻ സാദ്ധ്യത ഉണ്ടെന്നും അത് രോഗ പ്രതിരോധ പ്രവർത്തനങ്ങളെ താളം തെറ്റിക്കുമെന്നും അദ്ദേഹം പറഞ്ഞു. ആയതിനാൽ ഇതു ഒഴിവാക്കാനുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതിനെപ്പറ്റി മുമ്പ് ചർച്ച ചെയ്തിരുന്നുവെന്നും അവധി നൽകാതെയുള്ള ക്രമീകരണങ്ങൾ പരിഗണിക്കാവുന്നതാണെന്നും ആരോഗ്യ മന്ത്രി അറിയിച്ചു.

കാസർഗോഡ് ജില്ലയിൽ ഉത്സവങ്ങളിൽ പൊതുജനങ്ങൾ വമ്പിച്ച രീതിയിൽ പങ്കെടുക്കുന്നത് തടയാൻ ഇതുവരെ കഴിഞ്ഞിട്ടില്ലായെന്ന് ഡി ജി പി അറിയിച്ചു.

മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കുശേഷം മുഖമന്ത്രി അദ്ദേഹത്തിന്റെ തീരുമാനങ്ങൾ അറിയിച്ചു.

1. എല്ലാ ജില്ലകളിലെയും ഇതര മത വിഭാഗങ്ങളുമായി ചർച്ച നടത്തിയെന്നും അതിൽ അവർ അനുകൂലമായിട്ടാണ് പ്രതികരിച്ചതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പ്രസ്തുത യോഗത്തിനുശേഷം കോഴിക്കോട് പട്ടാളം പള്ളി കമ്മറ്റിക്കാർ ഇനിയൊരു അിറയിപ്പ് ഉണ്ടാകുന്നതുവരെ വെള്ളിയാഴ്ചകളിലെ ജുമാ നിസ്കാരവും, കൂട്ട നിസ്കാരവും ഉണ്ടാകില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഇത് നല്ല ഇടപെടൽ ആണ്.
2. പത്തനംതിട്ട ജില്ലയിലെ ആരാധനാലയങ്ങളിൽ ഒരേ സമയം പത്ത് ആളുകളിൽ കൂടുതൽ ആരാധന നടത്തുവാൻ അനുവദിക്കില്ല എന്ന് ജില്ലാഭരണകൂടം തീരുമാനം എടുത്തിട്ടുണ്ട്. ഇതുപോലെ എല്ലാ ജില്ലാ ഭരണകൂടങ്ങളും കർശനമായ നടപടികൾ കൈകൊള്ളണമെന്ന് മുഖ്യമന്ത്രി അറിയിച്ചു.
3. ഫാമിലി ഹെൽത്ത് സെന്ററുകൾ വൈകിട്ട് ആറുമണിവരെ പ്രവർത്തിക്കുന്നതുപോലെ പ്രൈമറിഹെൽത്ത് സെന്ററുകളും വൈകിട്ട് ആറുമണിവരെ പ്രവർത്തിക്കണമെന്ന് അറിയിച്ചു. അതിനായി കൂടുതൽ ഡോക്ടർമാരെ ആവശ്യമുണ്ടെങ്കിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.
4. കൊടുങ്ങല്ലൂർ ഭരണിയുമായി ബന്ധപ്പെട്ട് ക്ഷേത്രത്തിൽ ഭക്തരുടെ തിരക്ക് കുറക്കുവാൻ ക്ഷേത്രഭരണകൂടവും ജില്ലാഭരണകൂടവും ആവശ്യമായ നടപടികൾ സ്വീകരിക്കാം എന്ന് ഉറപ്പ് നൽകിയതായി മുഖ്യമന്ത്രി അറിയിച്ചു. ക്ഷേത്രത്തിലേക്ക് അമിതമായ ഭക്തർ വരാതിരിക്കാൻ എല്ലാ കളക്ടർമാരും ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ടു.
5. വിവാഹങ്ങൾ നേരത്തേ നിശ്ചയിച്ച കല്യാണമണ്ഡപങ്ങൾ വാടകയിളവ് നൽകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.
6. സ്വകാര്യ ആശുപത്രികളിൽ നിന്നും അനാവശ്യമായി ഗവൺമെന്റ് ആശുപത്രികളിലേക്കുള്ള റഫറലുകൾ ഒഴിവാക്കണം. ഇത് ഐ എം എ ശ്രദ്ധക്കമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.
7. കേരളാ യൂണിവേഴ്സിറ്റിയുടെ മൂല്യനിർണ്ണയ ക്യാമ്പ് മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നടന്നതെന്ന് അദ്ദേഹം അറിയിച്ചു. തുടർന്ന് വരാനിരിക്കുന്ന മൂല്യനിർണ്ണയ ക്യാമ്പുകൾ മതിയായ സുരക്ഷനടപടികൾ പാലിക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.
8. എ.ടി.എം. കൗണ്ടറുകളിൽ ഹാൻഡ് സാനിറ്റൈസറുകളുടെ ലഭ്യത ഉറപ്പുവരുത്തണം.
9. അവശ്യസാധനങ്ങൾ വീട്ടിൽ എത്തിച്ചുകൊടുക്കുവാൻ സാധിക്കുന്ന സ്ഥാപനങ്ങൾ അതിനുവേണ്ട ക്രമീകരണം നടത്തണമെന്നും ജീവനക്കാർക്ക് അതിനുവേണ്ട പരിശീലനം നൽകണമെന്നും നിർദ്ദേശിച്ചു.
10. ക്ഷേമനിധി ബോർഡിൽ അംഗത്വം പുതുക്കുന്നതിന്റെ തീയതി നീട്ടി നൽകിയോ എന്ന് ശ്രദ്ധിക്കണം.

11. കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവ ഭാവിയിൽ ഉപയോഗിക്കുന്നതിനായി അവയുടെ പട്ടിക തയ്യാറാക്കണം. ഈ സ്ഥാപനങ്ങളുടെ മേധാവികളുമായി യോഗം വിളിച്ചുചേർക്കണം.
12. ടാക്സി, ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് മതിയായ സുരക്ഷാക്രമീകരണങ്ങൾ പാലിക്കുന്നതിനുവേണ്ട ബോധവൽക്കരണം നടത്തണം.
13. ടാക്സി, ഓട്ടോറിക്ഷാ ഡ്രൈവർമാർ ദിവസവേതനക്കാരാണ് അവർക്ക വേതനം നഷ്ടമാകുകയുണ്ടായാൽ അവരെ സഹായിക്കുന്നതിനായുളള നടപടികൾ സ്വീകരിക്കണം.
14. ജില്ലാതലത്തിൽ ആംബുലൻസ് ഡ്രൈവർമാരുടെ യോഗങ്ങൾ വിളിക്കണമെന്നും അവർക്കായി ഒരു നോഡൽ ഓഫീസറെ കണ്ടെത്തണമെന്നും ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടു.
15. ആദിവാസിമേഖലകളിലേക്ക് രോഗം പടർന്നുപിടിക്കുന്ന അവസ്ഥയുണ്ടായാൽ കാര്യങ്ങൾ ഗുരുതരമാകുമെന്നും ഇത് തടയുന്നതിനായി എസ്.സി.എസ്.ടി. വകുപ്പ് മുൻകരുതലുകൾ എടുക്കണം.
16. കേരളത്തിലേക്ക് വരാനുളള മലയാളികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട് അവരെ സഹായിക്കുന്നതിന് വിവിധ വകുപ്പുകളേയും കേന്ദ്രസർക്കാരിനേയും സമീപിക്കണം.
17. മഹാരാഷ്ട്രയിൽ നിന്ന് ഐസോപ്രൊപ്പൈൽ ആൾക്കഹോളിന്റെ ലഭ്യത കുറവുകാരണം കെ എസ് ഡി പി എൽ ന് സാനിറ്റൈസറുകൾ വൻതോതിൽ നിർമ്മിക്കുവാൻ സാധിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി ഇടപെടണം.
18. ആന്ധ്രാപ്രദേശ്, തെലുങ്കാന, കർണ്ണാടക എന്നിവിടങ്ങളിലുള്ള വിദ്യാർത്ഥികളെ നാട്ടിലെത്തിക്കാനുളള നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
19. യോഗത്തിന്റെ മിനിട്ട്സ് അതാതു ദിവസം തന്നെ തയ്യാറാക്കണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു.
20. വിനോദസഞ്ചാരികളെ പാർപ്പിക്കാനായി മുന്നോട്ടുവരുന്ന ഹോട്ടലുകളുടെ ലിസ്റ്റുകൾ തയ്യാറാക്കണം.
21. യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുളള പട്ടികതയ്യാറാക്കണമെന്നും ആവശ്യം വരുന്ന സാഹചര്യത്തിൽ അവരെ പ്രയോജനപ്പെടുത്തുന്നതിന് സജ്ജമാക്കണമെന്നും അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി സർട്ടിഫിക്കറ്റ് മുതലായുള്ള കാര്യങ്ങൾ നൽകുന്നതിനെകുറിച്ച് ആലോചിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
22. സെക്രട്ടറിയേറ്റിലെ ഔദ്യോഗിക യോഗങ്ങൾക്കായി ഈ സാഹചര്യത്തിൽ ഒരു പ്രോട്ടോകോൾ തയ്യാറാക്കണമെന്നും അത് നടപ്പിലാക്കാൻ പറ്റുമോ എന്നും ആലോചിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഏഴ് മണിക്ക് യോഗം അവസാനിച്ചു.

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ആരോഗ്യ സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. ഡി ജി പി
4. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
5. മുഖ്യമന്ത്രിയുടെ സെക്രട്ടറി
6. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി  റവന്യൂ
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതു മരാമത്ത് വകുപ്പ്
12. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണം
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. സെക്രട്ടറി, ധനകാര്യം
18. സെക്രട്ടറി, ഊർജ്ജ വകുപ്പ്
19. സെക്രട്ടറി, ടൂറിസം വകുപ്പ്
20. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
21. പ്ലാനിംഗ് ബോർഡ് മെമ്പർ
22. ആരോഗ്യ സർവ്വകലാശാല പ്രതിനിധി
23. ഐ എം എ പ്രതിനിധി
24. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
25. മറ്റുള്ളവർ